## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3625** **15.03.2018 ൽ മറുപടിയ്ക്ക്**

## കാസർകോട് സോളാർ പാർക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് 200 മെഗാവാട്ടിന്റെ സോളാർ പാർക്ക് യാഥാർത്ഥ്യമാക്കുവാൻ കേന്ദ്ര സർക്കാരുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ; | (എ) | കാസർഗോഡ് 200 മെഗാവാട്ടിന്റെ സോളാർപാർക്ക് യാഥാർത്ഥ്യമാക്കുവാൻ കേന്ദ്ര സർക്കാരുമായി 18.02.2015 - ൽ ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്ത് നൽകിയിട്ടുള്ളത്; | (ബി) | ഇതിനായി ഗവൺമെന്റ് 1086 ഏക്കർ സ്ഥലം മുൻകൂറായി കൈമാറിയിരുന്നെങ്കിലും 24.10.2017 ലെ സർക്കാർ ഉത്തരവ് പ്രകാരം 836 ഏക്കർ ഭൂമി തിരിച്ചെടുത്തതിനാൽ പാർക്കിനായി 250 ഏക്കർ സ്ഥലം മാത്രമാണ് ലഭ്യമായിട്ടുള്ളത്. |
| (സി) | സോളാർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്? | (സി) | സോളാർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട കാഞ്ഞങ്ങാട് അമ്പലത്തറയിൽ 50 മെഗാവാട്ടിന്റെ സോളാർ പാർക്ക് നിർമ്മാണം 14.09.2017ൽ പൂർത്തീകരിച്ചു. അവശേഷിക്കുന്ന പദ്ധതികൾ ഭൂമി ലഭ്യമല്ലാത്തതിനാൽ നിർമ്മിക്കുവാൻ സാധിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**